# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4400
### 25.10.2016 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ എ.റ്റി.എം. സൗകര്യം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ടി.എ. റഹീം. | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് ATM ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും ട്രഷറി എ.ടി .എം. വഴി പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ധനകാര്യവകുപ്പിൽ നടപ്പിലാക്കിവരുന്ന സംയോജിത സാമ്പത്തിക മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കോർബാങ്കിങ് സംവിധാനത്തിലേക്ക് മാറ്റി വരികയാണ്. 2016 ഒക്ടോബർ 20 വരെ 163 ട്രഷറികളെ ഈ സംവിധാനം വഴി ബന്ധിപ്പിച്ചു കഴിഞ്ഞു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പള വിതരണം പൂർണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. ഉപഭോക്താക്കളുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി കൈമാറ്റുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ